# പതിമൂന്നാം കേരളനിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.655**      **12/06/2013 ൽ മറുപടിക്ക്**

## കാരുണ്യ ഫാർമസി സ്ഥാപിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് 'കാരുണ്യ ഫാർമസി' ഏതെല്ലാം ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, ഈ സംവിധാനം ഏത് തലം വരെയുള്ള ആശുപത്രികളിലാണ് ഇപ്പോൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ താഴെപറയുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുണ്ട്.<br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. മെഡിക്കൽ കോളേജ്, കോട്ടയം<br>4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>6. സി.എച്ച്.സി. കല്ലറ, തിരുവനന്തപുരം<br>7. ജില്ലാ ആശുപത്രി, കണ്ണൂർ<br>8. താലൂക്ക് ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ<br>ആദ്യ ഘട്ടത്തിൽ മെഡിക്കൽ കോളേജുകളുൾപ്പടെ തെരഞ്ഞെടുത്ത ജില്ലാ / താലൂക്ക് ആശുപത്രികളിലുമായി 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാ ജില്ലകളിലുമായി ആരംഭിക്കുകയാണ് ലക്ഷ്യം. താലൂക്ക് ആശുപത്രി തലം വരെയാണ് കാരുണ്യ ഫാർമസി സർക്കാർ ഇപ്പോൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | 'കാരുണ്യ ഫാർമസി' കളിൽ നിന്നും വാങ്ങുന്ന മരുന്നുകൾക്ക് നൽകി വരുന്ന ഇളവുകളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | കാരുണ്യ ഫാർമസിയിൽ മരുന്നുകൾ പരമാവധി വിപണന വിലയിൽ നിന്നും 93% വരെ വിലകുറച്ചാണ് പൊതുജനങ്ങൾക്ക് നൽകുന്നത്. ഇതു കൂടാതെ 50 രൂപയുടെ കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡിൽ അംഗമാകുന്നതോടെ നിലവിലുള്ള ഡിസ്കൗണ്ടിൽ നിന്നും 2% അധിക ഡിസ്കൗണ്ടോടെ (1% ക്യാഷ് ഡിസ്കൗണ്ടും 1% ലോയൽറ്റി ബോണസ് പോയിന്റും) മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നും ലഭിക്കുന്നു. |

| | | | |
|---|---|---|---|
| | | | ബോണസ് പോയിന്റുകൾ 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപയുടെ ഡിസ്കൗണ്ട് നൽകുന്നു.<br><br>ഇതിനു പുറമെ സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കായി വീടുകളിൽ മരുന്ന് എത്തിക്കുന്ന ഫാമിലി മെഡിസിൻ കാർഡ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമാകുവാൻ 2500 രൂപ അഡ്വാൻസായി അടയ്ക്കേണ്ടതാണ്. അംഗങ്ങൾക്ക് മരുന്നുകൾ 2 ശതമാനം അധിക ഡിസ്കൗണ്ടോടെ (1% ക്യാഷ് ഡിസ്കൗണ്ടും 1% ലോയൽറ്റി ബോണസ് പോയിന്റും) കൊറിയറായി വീടുകളിൽ എത്തിച്ചു കൊടുക്കുന്നു. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും അഡ്വാൻസ് തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. പ്രസ്തുത കാർഡിലെ അംഗങ്ങൾക്ക് ബോണസ് പോയിന്റുകൾ 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപയുടെ ഡിസ്കൗണ്ട് നൽകുന്നതാണ്. 1000 രൂപയുടെ ഗുണിതങ്ങളായി അംഗങ്ങൾക്ക് അക്കൗണ്ടിൽ തുക റീചാർജ്ജ് ചെയ്യാവുന്നതാണ്. |
| (സി) | സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി സെന്റർ വരെയുള്ള ആശുപത്രികളിലും കാരുണ്യ ഫാർമസി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | ആദ്യ ഘട്ടത്തിൽ മെഡിക്കൽ കോളേജുകളുൾപ്പടെ തെരഞ്ഞെടുത്ത ജില്ലാ / താലൂക്ക് ആശുപത്രികളിലുമായി 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാ ജില്ലകളിലുമായി ആരംഭിക്കുകയാണ് ലക്ഷ്യം. താലൂക്ക് ആശുപത്രി തലം വരെയാണ് കാരുണ്യ ഫാർമസി സർക്കാർ ഇപ്പോൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ